**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 547** **23-02-2022 - ൽ മറുപടിയ്ക്ക്**

**2022-23 സംരംഭക വർഷമായി ആചരിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് 2022-23 സംരംഭക വർഷമായി ആചരിക്കുന്ന ഘട്ടത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എസ്കോർട്ട് സേവനത്തിന് ടീമുകളെ സജ്ജമാക്കാൻ പദ്ധതിയുണ്ടോ? | (എ) | വ്യവസായ വകുപ്പ് 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സനെ നിയമിക്കുന്നതിനുള്ള പ്രവർത്തനം നടന്ന് വരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം സി.എം.ഡി വഴി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ